You say we do not want bee-keeping and you want to add something else. In one Panchayat mat-making may be profitable., but in another coir making may be profitable. Each Panchayat may select its own industry.

മിസ്റ്റർ കെ. ഒയ്യപ്പൻ: പഞ്ചായത്തിനു പുറമേ വേറെ ബോഡി എന്തിനാണ് ഇവക്കു നടത്തുവാൻ?

Dr .A. R. Menon *(Minister for Rural Development):* All the members of the Panchayat including the Legislative Council Member of that constituency constitute the committee. They are given the power to co-opt. Suppose there is a local man who is clever in this line. We have made a provision to enable the Committee to ask him also to join. We are not going to nominate. The Panchayats themselves may co-opt any one. That is an optional clause.

Mr. C. V. Iyyu *(Kunnamkulam):* May I know, Sir, whether the village officers were preparing a sort of statistics about the several occupations of the village population, their special needs and irrigational conditions etc. ? I understand such a statistics was being prepared.

Dr. A. R. Menon *(Minister for Rural Development):* They are preparing.

Mr. C. V. Iyyu *(Kunnamkulm):* Will it be published in the form of a book ?

Dr. A. R. Menon *(Minister for Rural Development):* We are collecting all this information. The collection is not yet over. As soon as it is collected, it is our intention to print it in book form and distribute it.

Cut Motion No. 12.

To abolish the system of nomination to Panchayats.

Mr. V. J. Mathai *(Planters): To reduce the allotment of Rs. 4,427 Establishment-clerks by Re. 1. (The need for abolishing the system of nomination securing adequate representation of minorities by reservation of seats of joint electorates).* സർ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതിന്റെ ഉദ്ദേശങ്ങൾരണ്ടാണ്. ഒന്നാമത്തേത് പഞ്ചായത്തിലേക്ക് ആളുകളെ നോമിനേറ ചെയ്യുന്ന സമ്പ്രദായത്തിലുള്ള പരാതികൾ മന്ത്രിയുടെ തലയിൽ വരാതിരിക്കണം. അതെ നോമിനേറചെയ്താലും അതിനെപ്പറ്റി ആക്ഷേപം ഉണ്ടാകാതിരിക്കയില്ല. ഈ നിയമസഭയിൽത്തന്നെ ഞാൻമുമ്പ് പ്രസ്താവിച്ചപോലെ ഒരാളെ നോമിനേറചെയ്യുന്നതായാൽ അയാളുടെ സന്തോഷം കിട്ടും; പക്ഷേ വേറെ നൂറു ആളുകളുടെ ആക്ഷേപം കേൾക്കേണ്ടിവരും, ഞാൻ ഇതു കൊണ്ടുവന്നിട്ടുള്ളതു് വാസ്തവത്തിൽ മന്ത്രിയുടെ ഗുണത്തിനുവേണ്ടിയാണ്. കുറച്ചു ദിവസംമുമ്പു് ഈ നോമിനേഷൻ കാര്യത്തിൽ മന്ത്രിയുടെ പേരിൽ ഒരവിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിശ്വാസപ്രമേയമാണെന്നു ആരു പറഞ്ഞു?

മിസ്റ്റർ വി. ജെ. മത്തായി: അങ്ങിനെയാണു് ഇവിടെ വാദപ്രതിവാദം കൊണ്ടു തീർച്ചയാക്കിയതു. ആ അവിശ്വാസപ്രമേയം അവതരിപ്പിച്ച പ്പോൾ തന്നെ ഇതിന്റെ മിഷ്മം എല്ലാവർക്കും മനസ്സിലായിട്ടുണ്ടു്. നോമിനേഷൻ സമ്പ്രദായം നിലനില്ക്കുന്നതുകൊണ്ടു വലിയ ആക്ഷേപങ്ങൾ ഉണ്ടാകുന്നുണ്ടു്. ചിലപ്പോൾ 'ഇന്ന ആളെ നോമിനേറ ചെയ്യണം' എന്നു ചിലർ കൂടി അപേക്ഷിക്കുന്നു. ചിലപ്പോൾ ഒരു മജ്ജിയിലെ ഒപ്പു മുഴുവൻ കരാർ ഇട്ട അപേക്ഷകൾ അയക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ വല്ല റോഡു മുണ്ടാക്കുന്ന കാര്യത്തിനു് അപേക്ഷ കൊടുക്കാനാണു" എന്നും മറ്റും പറഞ്ഞു ജനങ്ങളിൽ നിന്നു ഒപ്പിടുവിച്ചു വാങ്ങി നോമിനേഷൻ കിട്ടുന്നതിനുവേണ്ടി അപേക്ഷ അയക്കുന്നുണ്ടു്. ഇതിൽ നിന്നു് ആരെയെങ്കിലും നോമിനേറ ചെയ്യുകയാണെങ്കിൽ അതുപ്പാടെ കുഴപ്പമാകും.

രണ്ടാമത്തെ ഭാഗം ന്യൂനപക്ഷ സമുദായങ്ങൾക്കു പ്രാതിനിധ്യകാര്യത്തിൽ ഒരു നീതി കിട്ടണമെന്നുള്ളതാണു്. ഇതിൽ ഞാനൊന്നു നിർദ്ദേശിക്കുന്നതു് മൂന്നാമതു് ന്യൂനപക്ഷ സമുദായക്കാരുടെ പ്രതിനിധികളെ അവർ മാത്രം തിരഞ്ഞെടുത്താൽ പോരാ; ആ നാട്ടിലെ എല്ലാ സമുദായക്കാരും കൂടി തിരഞ്ഞെടുക്കണമെന്നുള്ളതാണു്. അതായതു ന്യൂനപക്ഷ സമുദായത്തിലെ ഒരു പ്രതിനിധി അയാളുടെ സമുദായത്തിന്റെ കാര്യം മാത്രം പറയാനല്ല; ആ വില്ലേജിലെ സർവ്വകാര്യങ്ങളും പറയാനാണു് പഞ്ചായത്തിൽ പോകുന്നതു് എന്നുള്ളതാണു്. അങ്ങിനെയുള്ള ഒരു പ്രാതിനിധ്യം ആ മെമ്പർക്കുണ്ടാകണം. ഇങ്ങിനെയുള്ള സംഗതികളാണു് ഈ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്നതു്. ഇതു നടപ്പാക്കുന്നപക്ഷം ഇലക്ഷൻ കാലത്തും നോമിനേഷൻ കാലത്തും വില്ലേജുകളിലുണ്ടാകുന്ന അന്തരീക്ഷത്തിനു് ഒരു വ്യത്യാസം ഉണ്ടാകും. എന്നതന്നെയല്ല മിനിസ്റ്റർക്കു സുഖമായിട്ടിരിക്കാനും സാധിക്കും. ന്യൂനപക്ഷ സമുദായത്തിൽ നിന്നെടുക്കുന്ന ആളുകൾ ആ സമുദായത്തിലും ആ നാട്ടിലും പൊതുവെ സമ്മതിയുള്ള ആളുകളായിരിക്കുകയും ചെയ്യും. ഇതു പരമയോഗ്യമായിട്ടുള്ള ഒരുപക്ഷേപം ഈ നിയമസഭയിൽ വന്നിട്ടില്ല എന്നാണു് എനിക്കു തോന്നുന്നതു്. (ചിരി). ഈ ഉപക്ഷേപം ബഹുമാനപ്പെട്ട ഈ സഭയുടെ അംഗീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

The House rose for the day at 5 p. m.

C. J. MATHEW,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly